പതിനാലാം കേരള നിയമസഭ
പതിനെട്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1843** **10.02.2020-ൽ മറുപടിയ്ക്ക്**

**കാഞ്ഞിരപ്പള്ളി സബ് ആർ. ടി. ഓഫീസ് സിവിൽ സ്റ്റേഷനിലേക്ക് മാറ്റുവാൻ നടപടി.**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ഡോ.എൻ. ജയരാജ് | | ശ്രീ എ. കെ. ശശീന്ദ്രൻ (ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | പണി പൂർത്തിയായ പൊൻകുന്നം സിവിൽ സ്റ്റേഷനിലേക്ക് കാഞ്ഞിരപ്പള്ളി സബ് ആർ. ടി ഓഫീസ് ഇതുവരെ മാറ്റി പ്രവർത്തിപ്പിക്കാത്തത് എന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ; | (എ) | കാഞ്ഞിരപ്പള്ളി സബ് ആർ.ടി ഓഫീസിന് പൊൻകുന്നം സിവിൽ സ്റ്റേഷനിൽ അനുവദിച്ച സ്ഥലത്തിന്റെ പണികൾ പൂർത്തിയായി. മോട്ടോർ വാഹന വകുപ്പിന്റെ എല്ലാ ഓഫീസുകളും ഓൺലൈൻ സംവിധാനത്തിലാണ് പ്രവർത്തിക്കുന്നത്. ആയതിനു വേണ്ട അടിസ്ഥാന സൗകര്യങ്ങൾ (കമ്പ്യൂട്ടർ ഉപകരണങ്ങൾ, നെറ്റ് വർക്ക് സംവിധാനങ്ങൾ) ഉണ്ടെങ്കിൽ മാത്രമേ ഓഫീസിന്റെ പ്രവർത്തനം പൂർത്തിയാകുകയുള്ളൂ. ആയത് ലഭ്യമാക്കുന്നതിനുള്ള വർക്ക് ഓർഡർ കെൽട്രോണിന് നൽകിയിട്ടുണ്ട്. |
| (ബി) | ഒരു വർഷത്തിലധികമായി മതിയായ സൗകര്യമുള്ള വാടക രഹിത സർക്കാർ കെട്ടിടം ലഭ്യമായിട്ടും മോട്ടോർ വാഹന വകുപ്പ് ഓഫീസ് വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നതിന്റെ സാംഗത്യം എന്തെന്ന് വ്യക്തമാക്കാമോ; സർക്കാരിനുണ്ടാകുന്ന വാടക നഷ്ടം ബന്ധപ്പെട്ടവരിൽ നിന്ന് ഈടാക്കാൻ നടപടി സ്വീകരിക്കുമോ; | (ബി) | നടപടിക്രമങ്ങൾ പൂർത്തിയായി വരുന്നു. ഉദ്യോഗസ്ഥ തലത്തിൽ വീഴ്ച ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) | പൊതുജനത്തിന് എളുപ്പം എത്തിച്ചേരാൻ സാധിക്കുന്ന പൊൻകുന്നം സിവിൽ സ്റ്റേഷനിലേക്ക് പ്രസ്തുത ഓഫീസ് അടിയന്തരമായി മാറ്റി സ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ? | (സി) | 10.02.2020 തീയതിയിൽ പുതിയ ഓഫീസിലേക്ക് മാറുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ